# ഏതു പ്രശ്നവും കൈകാര്യം ചെയ്യുവാനുള്ള വിവേകം നിനക്കു തരുവാൻ ദൈവത്തിനു കഴിയും

സാക് പുന്നൻ

WFTW 27 ജൂലൈ 2014

ഒരു സഹോദരനെക്കാൾ അടുത്തു പറ്റിച്ചേർന്നു നില്ക്കുന്ന ഒരു സ്നേഹിതൻ ഉണ്ടെ'ന്ന് വേദപുസ്തകം പറയുന്നു. അത് യേശുക്രിസ്തുവാണ്. നമ്മേ സൂക്ഷിക്കുന്നവനായ ഒരു പിതാവായി നാം ദൈവത്തെ അറിയുമ്പോൾ, നാം ഇനിമേൽ അനാഥരല്ല. അപ്പനും അമ്മയും ഇല്ലാത്തവനാണ് അനാഥൻ. അവനു പെട്ടെന്ന് ഒരാവശ്യം ഉണ്ടായാൽ അവന് ആരുടെ അടുത്തേക്കു പോകാൻ കഴിയും? ഏതെങ്കിലും അമ്മാവന്റെയോ അമ്മായിയുടെയോ അടുത്തുപോകാൻ കഴിയും. എന്നാൽ അവന് ഒരു യാചകനെപ്പോലെ പോകേണ്ടിവരും. ഈ അമ്മാവനോ അമ്മായിയോ അവനെ സഹായിക്കുമോ എന്ന് അവനറിയില്ല. ഈ അമ്മാവനോ അമ്മായിയോ വളരെ മോശമായ രീതിയിൽ അവനോട് ഇടപെട്ടേക്കാം.

എന്നാൽ അവന് ഒരു പിതാവുണ്ടെങ്കിൽ, ആ പിതാവ് തന്റെ പുത്രനെ ഒരു യാചകനെപ്പോലെ കൈകാര്യം ചെയ്യുകയില്ല. അവനു തന്റെ പിതാവിനോട് എന്തും ചോദിക്കാൻ കഴിയും. എത്ര പണം വേണമെങ്കിലും എത്ര വലിയ അസൌകര്യങ്ങളിൽ കൂടി കടന്നു പോകാനും തന്റെ പിതാവിനോട് ആവശ്യപ്പെടാൻ കഴിയും. എന്നാൽ ഒരു അമ്മാവനോടോ അമ്മായിയോടോ മറ്റാരോടെങ്കിലുമോടോ ആവശ്യപ്പെടാൻ അവൻ മടിക്കുന്നു. എന്നാൽ അവനൊരു പിതാവുള്ളപ്പോൾ, അവൻ സുരക്ഷിതനാണ്. അവനൊരു പ്രശ്നമുണ്ടായിട്ട് അതിനുള്ള പരിഹാരം അവനറിയാൻ വയ്യെങ്കിൽ, അവന് അത് തന്റെ പിതാവുമായി ചർച്ച ചെയ്യാൻ കഴിയും. അവൻ അകലെയുള്ള ഏതോ നഗരത്തിലാണെങ്കിൽ അവനു തന്റെ പിതാവിനെ ഫോൺ ചെയ്യാൻ കഴിയും. ഭൌതികമായി ഒരു പിതാവുണ്ടായിരിക്കുന്നത് എത്ര വിസ്മയകരമാണ്! ആത്മീയമായും അതു കൃത്യമായി അങ്ങനെ തന്നെയാണ്.

ദൈവത്തെ നിങ്ങളുടെ സ്വർഗ്ഗീയ പിതാവായി നിങ്ങൾ കണ്ടെത്തിയിട്ടുണ്ടെങ്കിൽ, നിങ്ങൾക്ക് ഇനി ഒരിക്കലും ഏകാന്തത അനുഭവപ്പെടുകയില്ല. അത് അസാധ്യമാണ്. കാരണം, ഫോൺലൈൻ എപ്പോഴും തുറന്നിട്ടിരിക്കുകയാണ്. നിങ്ങൾക്ക് എപ്പോഴും ദൈവപിതാവിനെ ഫോൺ ചെയ്യാൻ കഴിയും. നിങ്ങൾ എവിടെയാണെങ്കിലും നിങ്ങൾക്കെപ്പോഴും അദ്ദേഹത്തെ വിളിക്കാൻ കഴിയും. നിങ്ങൾക്ക് അദ്ദേഹത്തോടു നിങ്ങളുടെ എല്ലാ ആവശ്യങ്ങളും പറയാൻ കഴിയും. വാസ്തവത്തിൽ നിങ്ങൾ അവിടുത്തോടു പറയുന്നതിനു മുമ്പേ തന്നെ അവിടുന്നു നിങ്ങളുടെ ആവശ്യം അറിയുന്നു. നിങ്ങളുടെ ജീവിതത്തിൽ എല്ലാ സമയത്തും നിങ്ങൾ അഭിമുഖീകരിക്കാൻ ഇടയുള്ള ഏതു പ്രശ്നത്തിനും ഒരു ഉത്തരം അവിടുത്തേക്കുണ്ട്. ഞാൻ ഈ കാര്യം നിങ്ങൾക്ക് ഉറപ്പു വരുത്തട്ടെ. നിങ്ങൾ അതു വിശ്വസിക്കും എന്നു ഞാൻ പ്രതീക്ഷിക്കുന്നു. നിങ്ങളുടെ പ്രശ്നം എന്തായിരുന്നാലും അതു കാര്യമല്ല. അതെത്ര ഗൌരവമുള്ളതാണെന്നത് കാര്യമല്ല. ദൈവത്തിന് അതിനൊരു പരിഹാരമുണ്ടെന്ന് യേശുവിന്റെ നാമത്തിൽ നിങ്ങളോടു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. തന്നെയുമല്ല നിങ്ങളെ സഹായിക്കാൻ ആഗ്രഹിക്കുന്ന ഒരു പിതാവെന്ന നിലയിൽ വിശ്വാസത്തോടെ അവിടുത്തെയടുത്ത് നിങ്ങൾ വരുമെങ്കിൽ, അവിടുന്നു നിങ്ങളെ ഭർത്സിക്കുകയില്ല. നിങ്ങളുടെ വിശ്വാസം എന്റെ വാക്കുകളെ ആശ്രയിച്ചാകാതിരിക്കാൻ നിങ്ങൾക്കു ദൈവവചനത്തിൽ നിന്ന് മനോഹരമായ ഒരു വാഗ്ദാനം നൽകുവാൻ ഞാനാഗ്രഹിക്കുന്നു. വിശ്വാസം ദൈവവചനത്തിന്റെ കേൾവിയാൽ വരുന്നു. യാക്കോബ് 1:5ൽ എഴുതപ്പെട്ടിരിക്കുന്നത് ഭനിങ്ങളിൽ ആർക്കെങ്കിലും വിവേകം കുറവാണെങ്കിൽ... '' വിവേകം എന്നാൽ എന്താണ്? പ്രായോഗികമായ ഒരു പരിഹാരം കണ്ടെത്തുവാൻ നമ്മെ സഹായിക്കുന്ന ദൈവത്തിന്റെ ജ്ഞാനമാണത്. അതു ഫലപ്രദമാകാത്ത ഒന്നല്ല. അതു സൈദ്ധാന്തികമായി ഒരു പരിഹാരമായിരിക്കും. അതു നാം അഭിമുഖീകരിക്കുന്ന ഒരു പ്രത്യേക പ്രശ്നത്തിനുള്ള പ്രായോഗികമായ പരിഹാരമായിരിക്കും. അതേ, അതാണ് വിവേകം. ദൈവത്തിന്റെ ജ്ഞാനം, ഒരു പുസ്തകത്തിന്റെ അറിവല്ല.

വേദപുസ്തകം അറിയുന്നതും ദൈവത്തെ അറിയുന്നതും തമ്മിൽ വലിയ ഒരന്തരം ഉണ്ടെന്ന് നിങ്ങൾക്കറിയാമോ? നിങ്ങൾ ശൈശവം മുതൽ നിങ്ങളുടെ പിതാവിൽ നിന്ന് വേർപെടുത്തപ്പെട്ടിരുന്നു എന്നും, 25 വർഷങ്ങളായി നിങ്ങൾ നിങ്ങളുടെ പിതാവിൽ നിന്നു വളരെ ദൂരെ ജീവിച്ചിരുന്നു എന്നും കരുതുക. അനന്തരം നിങ്ങൾ നിങ്ങളുടെ പിതാവിന്റെ ജീവിതകഥകളെക്കുറിച്ച് എല്ലാ വിശദീകരണങ്ങളുമുള്ള ഒരു പുസ്തകം വായിക്കുന്നു. ആ പുസ്തകം വായിക്കുന്നതിലൂടെ നിങ്ങൾ നിങ്ങളുടെ പിതാവിനെക്കുറിച്ചറിയും. എന്നാൽ നിങ്ങൾ നിങ്ങളുടെ പിതാവിനെ അറിയുകയില്ല. 25 വർഷങ്ങളായിട്ട് നിങ്ങൾ ഒരിക്കലും അദ്ദേഹത്തോടു സംസാരിച്ചിട്ടില്ല. എന്നാൽ തന്റെ പിതാവിന്റെ കൂടെ വളർന്നു വന്ന മറ്റൊരു കുഞ്ഞ് അവന്റെ പിതാവിനെക്കുറിച്ച് ഒരിക്കലും ഒരു പുസ്തകവും വായിച്ചിട്ടില്ലാത്തവൻ, അഞ്ചോ ആറോ വർഷം തന്റെ പിതാവിന്റെ കൂടെ വളർന്നവൻ, അവൻ തന്റെ പിതാവിനെ നിങ്ങൾ അറിയുന്നതിനെക്കാൾ നന്നായി അറിയും. ധാരാളം ആളുകൾ വേദപുസ്തകം വായിക്കുന്നുണ്ട്. അതു നിങ്ങളുടെ പിതാവിന്റെ ജീവചരിത്രം വായിക്കുന്നതുപോലെയാണ്. എന്നിട്ടു നിങ്ങൾ നിങ്ങളുടെ പിതാവിനെത്തന്നെ അറിയാതിരിക്കുന്നു. വിവേകം എന്നത് ഒരു പിതാവെന്ന നിലയിൽ ദൈവത്തെ അറിയുന്നതും അങ്ങനെ ഞാൻ ഇപ്പോൾ നേരിടുന്ന എന്തെല്ലാം പ്രശ്നങ്ങളുണ്ടെങ്കിലും അവയ്ക്കു പരിഹാരം കണ്ടെത്തുന്നതുമാണ്. അത് ഒരു കുടുംബപ്രശ്നമായാലും, സാമ്പത്തിക പ്രശ്നമായാലും, ഒരു വിവാഹത്തിന്റെ പ്രശ്നമായാലും, നിങ്ങളുടെ കുഞ്ഞുങ്ങൾക്കു വിദ്യാഭ്യാസം നൽകുന്നതിന്റെ പ്രശ്നമായാലും, അല്ലെങ്കിൽ അവരുടെ ജോലി, അല്ലെങ്കിൽ താമസിക്കാനൊരു വീട് ഇതിലേതായാലും അതു വിഷയമല്ല. നാം ജീവിക്കുന്ന ഈ ലോകത്തിൽ ധാരാളം ബുദ്ധിമുട്ടുകൾ ഉണ്ട്. അതിന്റെ ഉത്തരം ദൈവത്തിലാണ്.

ആർക്കെങ്കിലും വിവേകം കുറവാണെങ്കിൽ...'' അത് അർത്ഥമാക്കുന്നത് ആർക്കെങ്കിലും' എന്നു തന്നെയാണ്. നിങ്ങൾ അവരിൽ ഒരാളാകാൻ യോഗ്യനാകുക. നിങ്ങൾക്കു വിവേകം കുറവുണ്ടോ? അതിന്റെ അർത്ഥം നിങ്ങൾ നേരിടുന്ന പ്രശ്നത്തിന് ഒരു പരിഹാരം നിങ്ങൾക്ക് ഇല്ലാതെ വരുന്നുണ്ടോ? അവൻ ദൈവത്തോടു ചോദിക്കട്ടെ. നിങ്ങൾ എന്താണു ചെയ്യേണ്ടത്? നിങ്ങൾ നാലുചുറ്റും ഓടിനടക്കുകയും വളരെ ആളുകളോടു ചോദിക്കുകയും ചെയ്യുന്നു. എന്നിട്ടും അതു നിങ്ങളുടെ പ്രശ്നം പരിഹരിച്ചിട്ടില്ല. ഇപ്പോൾ എന്തുകൊണ്ട് മറ്റെന്തെങ്കിലും ചെയ്തുകൂടാ? എന്തുകൊണ്ടു നിങ്ങൾ ദൈവത്തോട് ചോദിക്കുന്നില്ല? നിങ്ങൾ എവിടെയാണോ അവിടെ തന്നെ നിങ്ങളെ കേൾക്കുവാൻ ദൈവത്തിനു കഴിയും? ഇപ്പോൾ തന്നെ നിങ്ങൾ ദൈവത്തോടു വിളിച്ചപേക്ഷിക്കുമെങ്കിൽ അവിടുത്തേക്കു നിങ്ങളെ കേൾക്കാൻ കഴിയും. അവിടുന്നു നിങ്ങൾക്കു തരുമോ? തീർച്ചയായും. അവിടുന്ന് ഒരു പിതാവാണ്. അവിടുന്ന് ഒരമ്മാവനല്ല, ഒരയൽക്കാരനല്ല. ഒരുപകാരിയായ അയൽക്കാരൻ നമ്മെ സഹായിക്കുമായിരിക്കും. എന്നാൽ ഒരു പിതാവ് അതിനേക്കാൾ വളരെയേറെ സഹായിക്കും. അവിടുന്ന് എല്ലാ പിതാക്കന്മാരെക്കാളും ഏറ്റവും നല്ല പിതാവാണ്. മാത്രമല്ല അവൻ നിങ്ങൾക്ക് ഏറ്റവും നല്ലതു തരികയും ചെയ്യും. യേശു ഒരിക്കൽ പറഞ്ഞു. ഭദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുപ്പാനറിയുന്നുവെങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു തന്നോടു യാചിക്കുന്നവർക്ക് എത്രയധികം നല്ല ദാനങ്ങളെ കൊടുക്കും?'' നിങ്ങളുടെ മകൻ നിങ്ങളോട് അപ്പം ചോദിച്ചാൾ നിങ്ങൾ അവന് ഒരു കല്ലു കൊടുക്കുമോ? ഇല്ല. അവൻ ഒരു മുട്ട ചോദിച്ചാൽ നിങ്ങൾ അവന് ഒരു തേളിനെ കൊടുക്കുമോ? അവനെ അപായപ്പെടുത്തുന്ന എന്തെങ്കിലും നിങ്ങൾ അവനു കൊടക്കുമോ? ഇല്ല. അവന് കൃത്യമായി എന്താവശ്യമുണ്ടോ അത് അവനു നിങ്ങൾ നൽകും. ദൈവം കൃത്യമായി അങ്ങനെ തന്നെയാണ്. നമുക്ക് കൃത്യമായി ആവശ്യമുള്ളത് അവിടുന്നു നൽകുന്നു. എന്നിട്ട് അവിടുന്നു പറയുന്നു ദൈവം നമുക്ക് ഔദാര്യമായി നൽകും. യാക്കോബ് 1:5ലെ ഈ വചനം അതാണ് നമ്മോടു പറയുന്നത്. ഏതാനും തുള്ളികളല്ല. നിങ്ങൾ ഒരു സ്പൂണിനുവേണ്ടി ചോദിച്ചാൽ അവൻ നിങ്ങൾക്ക് ഒരു ബക്കറ്റു തരും. നിങ്ങൾക്ക് ഒരു സ്പൂൺ നിറച്ചു വിവേകം ആവശ്യമുള്ളപ്പോൾ അവൻ ഔദാര്യത്തോടെ ഒരു ബക്കറ്റ് നിറച്ച് അതു തരും. ദൈവം അങ്ങനെയാണ്. തന്നെയുമല്ല അവിടെ പറയുന്ന മറ്റൊരു കാര്യം ഭനിങ്ങളെ ഭർത്സിക്കാതെ'' എന്നാണ്. ഭഓ മടയന്മാരെ, നിങ്ങൾക്കിതിന്റെ ഉത്തരം അറിയില്ലേ?' എന്ന് അപ്പന്മാർ ചില സമയങ്ങളിൽ അവരുടെ കുഞ്ഞുങ്ങളെ ഭർത്സിക്കാറുണ്ട്. എന്നാൽ ദൈവം ഒരിക്കലും നമ്മെ ഭർത്സിക്കുകയില്ല. ഭഎന്തുകൊണ്ടു നിനക്കതിനുള്ള ഉത്തരം അറിയില്ല'' എന്ന് അവിടുന്ന് ഒരിക്കലും പറയുകയില്ല. അതു നിനക്കു നൽകപ്പെടും. അതിന് ഒരു വ്യവസ്ഥയേ ഉള്ളു. ഇനി ഈ വ്യവസ്ഥ എന്താണെന്ന് ശ്രദ്ധിക്കുക. നിങ്ങൾ വിശ്വാസത്തോടെ ചോദിക്കണം. അതാണ് യാക്കോബ് 1:6ൽ പറയുന്നത്. വാസ്തവത്തിൽ 67 വാക്യങ്ങളിൽ തുടർന്നു പറയുന്നത് നീ വിശ്വാസത്തോടുകൂടി ചോദിക്കുന്നില്ലെങ്കിൽ, നിനക്കതു ലഭിക്കുകയില്ല.'' നിനക്കു വിവേകം

ആവശ്യമായിരിക്കാം. ദൈവം നിനക്കതു തരുവാൻ ആഗ്രഹിക്കുന്നുണ്ടാകാം. ആവശ്യം അവിടെ ഉണ്ട്. പരിഹാരം അവിടെയുണ്ട്. എന്നാൽ നിനക്കത് ലഭിക്കുന്നില്ല. കാരണം നീ ചോദിക്കുമ്പോൾ നീ വിശ്വസിക്കുന്നില്ല. അതു വളരെ ലളിതമാണ്. ഇതുവരെ നിങ്ങളുടെ പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തിയിട്ടില്ലാത്തതിന്റെ കാരണം ഇതായിരിക്കാം. യേശു കൊണ്ടുവന്ന ദൈവത്തിന്റെ വെളിപ്പാട് ഇന്നു മുതൽ വിശ്വസിക്കാൻ എന്തുകൊണ്ടു നിങ്ങൾ തീരുമാനിക്കുന്നില്ല? പിതാവെന്ന നിലയിൽ ദൈവം നിങ്ങളുടെ ഓരോ ആവശ്യവും അറിയുന്നു. അതു സൌഖ്യത്തിനുള്ള ശാരീരികാവശ്യമാകാം. ആത്മീയ ആവശ്യമാകാം. അതെന്തു തന്നെയായാലും. വർഷങ്ങളായി തുടർന്നു പൊയ്ക്കൊണ്ടിരിക്കുന്ന ഒരു കുടുംബ പ്രശ്നത്തിനുള്ള പരിഹാരമാകാം. നിങ്ങൾക്ക് ആ പ്രശ്നം മുഴുവനായി പരിഹരിക്കാൻ കഴിഞ്ഞില്ലെന്നു വരാം. എന്നാൽ അതിന്റെ നിന്നെ വിഷമിപ്പിച്ചുകൊണ്ടിരിക്കുന്ന ആ ഭാഗം നിനക്കു പരിഹരിക്കാൻ കഴിഞ്ഞേക്കാം. വിശ്വാസത്തോടെ ചോദിക്കുക. ഭകർത്താവേ ഇന്നു മുതൽ ഞാൻ വിശ്വസിക്കാൻ പോകുകയാണ്. അവിടുന്ന് എന്റെ ഈ പ്രശ്നം പരിഹരിക്കുമെന്ന് വിശ്വസിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എന്തുകൊണ്ട്? കാരണം അങ്ങെന്റെ പിതാവാണ്. യേശു എന്നെ സ്നേഹിക്കുന്നതുകൊണ്ട്. എനിക്കു വേണ്ടി മരിച്ചു, ഞാൻ അവിടുത്തെ രക്തത്തിൽ കഴുകപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഞാൻ അങ്ങയുടെ മകനാണ്. ഞാൻ അങ്ങയുടെ മകളാണ്. എനിക്ക് അങ്ങയോടു ചോദിക്കാനുള്ള അവകാശമുണ്ട്. അങ്ങെന്റെ പിതാവാണ്.'' ഇപ്പോൾ തന്നെ നിങ്ങൾക്കെന്തുകൊണ്ടു ദൈവത്തോടു ചോദിച്ചുകൂടാ? ആ പ്രശ്നം എന്തെന്ന് കൃത്യമായി പറയുക, അതു കൃത്യമായിരിക്കണം. പൊതുവായിരിക്കരുത്. നിശ്ചിതമാകുക എന്നിട്ടു ചോദിക്കുക. ഭകർത്താവേ ഈ പ്രത്യേക പ്രശ്നം ഞാൻ അങ്ങേയ്ക്കു സമർപ്പിക്കുന്നു. അങ്ങ് എന്നോടു ഉത്തരം പറയുന്നതിനു ഞാൻ അങ്ങയിൽ ആശ്രയിക്കുന്നു.'' ദൈവം ഭർത്സിക്കാതെ നിങ്ങൾക്ക് ഔദാര്യമായി തരുമെന്നും ദൈവം മഹത്വീകരിക്കപ്പെടുമെന്നും അപ്പോൾ നിങ്ങൾക്കു തീർത്തും ഉറപ്പിക്കാം. മറുപടി വരുമ്പോൾ മഹത്വം അവിടുത്തേക്കു കൊടുക്കുമെന്നു തീർച്ചപ്പെടുത്തുക.